# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 5790 — 02/7/2019-ലെ മറുപടി

# കേരള വാട്ടർ അതോറിറ്റിയിൽ പുതിയ ഓഫീസുകൾ ആരംഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി.ഉബൈദുള്ള | കെ. കൃഷ്ണൻകുട്ടി<br>(ജലവിഭവ വകുപ്പുമന്ത്രി) |
| (എ) കേരള വാട്ടർ അതോറിറ്റിയിൽ പുതിയ സർക്കിൾ, സെക്ഷൻ, സബ്ഡിവിഷൻ ഓഫീസുകൾ ആരംഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ വിശദീകരിക്കാമോ; | (എ) കേരള വാട്ടർ അതോറിറ്റിയിൽ പുതിയ സർക്കിൾ, സെക്ഷൻ, സബ്ഡിവിഷൻ ഓഫീസുകൾ ആരംഭിക്കുന്നതിന് പ്രത്യേക മാനദണ്ഡങ്ങൾ നിലവിലില്ല എന്നിരുന്നാലും ഏതെങ്കിലും സർക്കിൾ ഓഫീസുകൾക്ക് പരിധിയിൽ കൂടുതൽ ഡിവിഷൻ ഓഫീസുകൾ വരുമ്പോഴാണ് പുതിയ സർക്കിൾ ഓഫീസുകൾ രൂപീകരിക്കുന്നതിന് തീരുമാനിക്കുന്നത്. നിലവിലെ സബ് ഡിവിഷൻ ഓഫീസുകളുടെ അധികാരപരിധിയിൽ വരുന്ന വാട്ടർ കണക്ഷനുകളുടെ എണ്ണം, ജലവിതരണ പദ്ധതികളുടെ എണ്ണം, MLD കണക്കിലുള്ള ഉല്പാദനത്തിന്റെ അളവ്, പ്രസ്തുത പ്രദേശങ്ങളിലെ ജനസംഖ്യ എന്നീ ഘടകങ്ങളുടെ അടിസ്ഥാനത്തിൽ ജലവിതരണം, പദ്ധതി നിർവ്വഹണം എന്നിവ സമയബന്ധിതമായി നടപ്പിലാക്കുവാൻ വേണ്ടിയാണ് പുതിയ സെക്ഷൻ, സബ് ഡിവിഷൻ ഓഫീസുകൾ ആരംഭിക്കുന്നത്. |
| (ബി) മലപ്പുറം ജില്ലയിൽ നിലവിലുള്ള കേരള വാട്ടർ അതോറിറ്റിയുടെ വിവിധ ഓഫീസുകളുടെ വിശദാംശം നൽകുമോ; | (ബി) മലപ്പുറം ജില്ലയിൽ കേരള വാട്ടർ അതോറിറ്റിക്ക് ഒരു സർക്കിൾ ഓഫീസും മൂന്ന് ഡിവിഷൻ ഓഫീസുകളും 6 സബ് ഡിവിഷൻ ഓഫീസുകളും 15 സെക്ഷൻ ഓഫീസുകളും ഉണ്ട്.<br>മലപ്പുറം പി.എച്ച് സർക്കിളിന് കീഴിലുള്ള ഡിവിഷൻ, സബ് ഡിവിഷൻ, സെക്ഷൻ ഓഫീസുകൾ ചുവടെ പറയുന്നു. |

1. പി.എച്ച് ഡിവിഷൻ, മലപ്പുറം

| | സബ് ഡിവിഷൻ ഓഫീസുകൾ | സെക്ഷൻ ഓഫീസുകൾ |
|---|---|---|
| 1 | പി.എച്ച് സബ് ഡിവിഷൻ, മലപ്പുറം | 1. പി.എച്ച് സെക്ഷൻ-1, മലപ്പുറം |
| | | 2. പി.എച്ച് സെക്ഷൻ-2, മലപ്പുറം |
| | | 3. പി.എച്ച് സെക്ഷൻ, കൊണ്ടോട്ടി |
| 2 | പി.എച്ച്. സബ് ഡിവിഷൻ, മഞ്ചേരി | 1. പി.എച്ച് സെക്ഷൻ, മഞ്ചേരി |
| | | 2. പി.എച്ച് സെക്ഷൻ, അരീക്കോട് |
| | | 3. പി.എച്ച് സെക്ഷൻ, നിലമ്പൂർ |
| 3 | പി.എച്ച് സബ് ഡിവിഷൻ, പെരിന്തൽമണ്ണ | 1. പി.എച്ച് സെക്ഷൻ, പെരിന്തൽമണ്ണ |
| | | 2. പി.എച്ച് സെക്ഷൻ. മങ്കട |
| | | 3. പി.എച്ച് സെക്ഷൻ. വണ്ടൂർ |
| 4 | പി.എച്ച് സബ് ഡിവിഷൻ പരപ്പനങ്ങാടി | 1. പി.എച്ച് സെക്ഷൻ, പരപ്പനങ്ങാടി |
| | | 2. പി.എച്ച് സെക്ഷൻ, തിരൂരങ്ങാടി |

2. പി.എച്ച് ഡിവിഷൻ, എടപ്പാൾ

| | സബ് ഡിവിഷൻ ഓഫീസുകൾ | സെക്ഷൻ ഓഫീസുകൾ |
|---|---|---|
| 1 | പി.എച്ച് സബ് ഡിവിഷൻ, തിരൂർ | 1.പി.എച്ച് സെക്ഷൻ, തിരൂർ |
| | | 2. പി.എച്ച് സെക്ഷൻ, കോട്ടക്കൽ |
| 2 | പി.എച്ച് സബ് ഡിവിഷൻ, പൊന്നാനി | 1. പി.എച്ച് സെക്ഷൻ, പൊന്നാനി |
| | | 2. പി.എച്ച് സെക്ഷൻ, എടപ്പാൾ |

3. പ്രോജക്റ്റ് ഡിവിഷൻ, മലപ്പുറം.

| | | | |
|---|---|---|---|
| (സി) | ജോലിഭാരം കണക്കിലെടുത്തും പൊതു ജനങ്ങൾക്ക് പെട്ടെന്ന് സേവനങ്ങൾ ലഭ്യമാക്കുന്നതിനും വേണ്ടി പ്രസ്തുത ജില്ലയിൽ പുതിയ സെക്ഷൻ, സബ് ഡിവിഷൻ ഓഫീസുകൾ ആരംഭിക്കുന്ന കാര്യം പരിഗണിക്കുമോ? | (സി) | നിലവിലെ സബ് ഡിവിഷൻ ഓഫീസുകളുടെ അധികാരപരിധിയിൽ വരുന്ന വാട്ടർ കണക്ഷനുകളുടെ എണ്ണം, ജലവിതരണ പദ്ധതികളുടെ എണ്ണം, MLD കണക്കിലുള്ള ഉല്പാദനത്തിന്റെ അളവ്, പ്രസ്തുത പ്രദേശങ്ങളിലെ ജനസംഖ്യ എന്നീ ഘടകങ്ങളുടെ അടിസ്ഥാനത്തിൽ ജലവിതരണം, പദ്ധതി നിർവ്വഹണം എന്നിവയുടെ അടിസ്ഥാനത്തിൽ ആവശ്യമായ പഠനം നടത്തിയ ശേഷം ആവശ്യമെങ്കിൽ പരിഗണിക്കാവുന്നതാണ്. |

Renuka Sankar
സെക്ഷൻ ഓഫീസർ

JSK/